LIBRARY ARCHIVES Kerala Legislative Assembly

കതിരൂർ ബോംബ് സ്ഫോടനം

168 (173) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ജനുവരി 18-ന് ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായി എന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ബോംബുകൾ നിർമ്മിച്ച പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) അങ്കണവാടിക്കുസമീപം ജീവഹാനി ഉണ്ടാക്കാവുന്നവിധം സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്ത സംഭവം ഗൗരവപൂർവം വീക്ഷിക്കുകയും, ദേശവിരുദ്ധ പ്രവർത്തനമെന്ന രീതിയിൽ കൈകാര്യം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ?

ഉത്തരം

(എ&ബി) ബോംബ് സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ഒരാൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കതിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 75/2015 u/s 3&5 of Explosive Substance Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സംഭവം ഗൗരവമായി എടുത്തിട്ടുണ്ട്. എന്നാൽ സംഭവത്തിൽ ദേശവിരുദ്ധ പ്രവർത്തനമുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല

നാദാപുരം ഷിബിൻ വധം

169 (174) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിനടുത്ത് തൂണേരിയിൽ സി.പി.ഐ. (എം) പ്രവർത്തകനായ ചടയങ്കണ്ടിത്താഴ ഷിബിനെ വധിച്ച സംഭവത്തെത്തുടർന്ന് വർഗീയ സാമുദായിക നിറം കലർത്തുന്ന പ്രചാരണങ്ങൾ നടത്തിയവരെക്കുറിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സി.പി.ഐ. (എം) ഉത്തര മേഖല എ.ഡി.ജി.പി.-യ്ക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) നവ മാധ്യമങ്ങളിലൂടെ നടത്തപ്പെട്ട അപവാദപ്രചരണങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; അന്വേഷണത്തെത്തുടർന്ന് എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ ;

(ഡി) ഫേസ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയവ വഴി തെറ്റായ പ്രചരണങ്ങൾ നടത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു?